# പ്രളയത്തിനു ശേഷമുള്ള കേരളത്തിന്റെ ഭൂഘടന ജൈവകൃഷിക്ക് കൂടുതൽ അനുയോജ്യം: മന്ത്രി

KeralaKaumudi 30-09-18, P-11

പെരിങ്ങോട്ടുകര: പ്രളയത്തിനു ശേഷമുള്ള കേരളത്തിന്റെ ഭൂഘടന ജൈവകൃഷിക്ക് കൂടുതൽ അനുയോജ്യമാണെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ. പഴുവിലെ അസീസിയ ഓർഗാനിക്ക് ഫാം സംഘടിപ്പിച്ച ജൈവകൃഷി സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. മണ്ണിൽ പൊട്ടാസ്യം, ഫോസ്ഫേറ്റ്, കാൽസ്യം എന്നിവയുടെ അളവ് വർദ്ധിച്ചതായും മന്ത്രി പറഞ്ഞു. പ്രളയത്തെ തുടർന്ന് കുട്ടനാട്ടിലെയും തൃശ്ശൂരിലെയും ഉൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സ്ഥലം പ്രയോജനപ്പെടുത്താനും ഇരിപ്പു കൃഷിക്ക് പ്രധാന്യം നൽകാനും ശ്രമിച്ചുവരികയാണ്. തൃശ്ശൂരിൽ മാത്രം 10,000 ഏക്കറിൽ കൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.



*100 വീടുകൾ പുനരുദ്ധരിക്കുവാൻ പഴുവിൽ അസീസിയ ഗ്രൂപ്പ് ധനസഹായം നൽകുന്നതിന്റെ ഉദ്ഘാടനം മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർവഹിക്കുന്നു.*

കാർഷിക സർവകലാശാലയുടെ വാഴ ഗവേഷണ കേന്ദ്രമായി അസീസിയ ഓർഗാനിക് ഫാമിനെ തിരഞ്ഞെടുത്തിട്ടുണ്ട്. ഗീതഗോപി എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. ഔഷധി ചെയർമാർ ഡോ. കെ. ആർ. വിശ്വഭരൻ ആമുഖ പ്രഭാഷണവും സിനിമാതാരം ജയരാജ് വാര്യർ സാന്ത്വന സന്ദേശവും നൽകി. അസീസിയ ഓർഗാനിക്ക് വേൾഡ് ചെയർമാൻ പി.എം. അബ്ദുൾ അസീസ്, ഡയറക്ടർ സിയാദ് അബ്ദുൾ അസീസ്, ചാഴൂർ പഞ്ചായത്ത് പ്രസിഡന്റ് ജ്യോതി കനകരാജ്, കൃഷി ഓഫീസർമാർ, മാനേജർ എം.എസ്. ശിവരാജ് എന്നിവർ സംസാരിച്ചു.

രാവിലെ നടന്ന ചടങ്ങിൽ 100 വീടുകൾ പുനരുദ്ധരിക്കുവാൻ പഴുവിൽ അസീസിയ ഗ്രൂപ്പ് നൽകുന്ന 25 ലക്ഷം രൂപയുടെ പദ്ധതി മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. 1000 കുടുംബങ്ങൾക്ക് ആയിരം രൂപ വിലയുള്ള ഭക്ഷ്യ കിറ്റും ജൈവവിത്തുകൾ അടങ്ങിയ കിറ്റും വിതരണം ചെയ്തു. സർവ്വകലാശാല ഫാക്കൽറ്റി കെ.വി. ദയാൽ മുഖ്യ പ്രഭാഷണം നടത്തി. കാർഷിക സർവകലാശാല ഗവേഷണ വിഭാഗം ഡയറക്ടർമാരായ ഡോ. പി. ഇന്ദിരാദേവി, ഡോ. പി.ബി പുഷ്പലത എന്നിവർ സംസാരിച്ചു.